# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2362 12.03.2020 -ൽ മറുപടിയ്ക്ക്

## മാധ്യമ പ്രവർത്തകർക്കുള്ള ക്ഷേമ നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി. ജോയി : | | **ശ്രീ. എ. കെ. ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| എ) പ്രാദേശികമായി പത്ര-ദൃശ്യ മാധ്യമങ്ങളിൽ റിപ്പോർട്ടർമാരായും പത്ര ഏജന്റുമാരായും വിതരണക്കാരായും പ്രവർത്തിക്കുന്നവരുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ;<br><br>ബി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | എ) & ബി) | കേരളത്തിലെ പത്ര ദൃശ്യ ഡിജിറ്റൽ മാധ്യമ രംഗത്ത് പ്രവർത്തിക്കുന്ന, മറ്റ് ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത തൊഴിലാളികൾക്ക് അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ് .<br>ഈ പദ്ധതിയിൽ കുറഞ്ഞത് ഒരു വർഷമെങ്കിലും അംഗത്വമുള്ളവർക്ക് 60 വയസ് പൂർത്തിയാകുന്ന മുറയ്ക്ക് അവരുടെ അംഗത്വകാലയളവിന് ആനുപാതികമായി റിട്ടയർമെന്റ് ആനുകൂല്യം അനുവദിക്കുന്നതാണ് . ഒരു വർഷം തുടർച്ചയായി അംശദായം അടച്ച വനിത അംഗത്തിന് പ്രസവ ധനസഹായമായി 15,000/- രൂപ വരെ ലഭിക്കുന്നതാണ് . പരമാവധി ഒരംഗത്തിന് രണ്ട് പ്രാവശ്യം മാത്രമേ ലഭിക്കുകയുള്ളു. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കൾക്കും പദ്ധതിയിലെ വനിതാ അംഗങ്ങൾക്കും വിവാഹ ധനസഹായമായി 10000 രൂപ ലഭിക്കുന്നതാണ് . പ്രസ്തുത ആനുകൂല്യവും ഒരംഗത്തിന് രണ്ട് തവണ മാത്രമേ ലഭിക്കുകയുള്ളു. പദ്ധതിയിൽ അംഗമായിരിക്കെ 60 വയസ് പൂർത്തിയാക്കി വിരമിക്കുന്ന ആൾക്ക് ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം പ്രകാരം അതത് കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ ലഭിക്കുന്നതാണ് . |

ഈ പദ്ധതിയിൽ കുറഞ്ഞത് 10 വർഷം അംശദായം അടച്ച് പെൻഷൻ അർഹതയുള്ള അംഗം മരണമടഞ്ഞാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷനായി പ്രതിമാസം 300 രൂപ ലഭിക്കുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം അടക്കുകയും അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത അനുഭവിക്കുകയും ചെയ്യുന്ന അംഗത്തിന് അവശതാ പെൻഷനായി പ്രതിമാസം 1200 രൂപ നൽകുന്നതാണ്. ഇതിനായി മെഡിക്കൽ ബോർഡ് നൽകുന്ന 'ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്' അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. പദ്ധതിയംഗങ്ങളുടെ മക്കൾക്ക് വിവിധ കോഴ്സുകൾക്ക് 750 രൂപ മുതൽ 2500 രൂപ വരെ വിദ്യാഭ്യാസാനുകൂല്യമായി പ്രതിവർഷം നൽകിവരുന്നു. പദ്ധതി അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻ - പേഷ്യന്റായിട്ടുള്ള ചികിത്സയ്ക്ക് അംഗത്വ കാലയളവിനുള്ളിൽ പരമാവധി 10,000/- രൂപ ചികിത്സ സഹായമായി നൽകുന്നുണ്ട്. പദ്ധതി അംഗങ്ങൾക്ക് മരണാനന്തര ആനുകൂല്യവും അപകട ആനുകൂല്യവും ലഭിക്കുന്നതിന് മുഴുവൻ പദ്ധതി അംഗങ്ങളെയും സൗജന്യമായി PMJJBY പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടുണ്ട്. പദ്ധതി അംഗം മരണടഞ്ഞാൽ മരണാനന്തര ചെലവുകൾക്കായി 1000 രൂപ നിധിയിൽ നിന്നും ആശ്രിതന് ലഭിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 10 വർഷത്തിൽ കൂടുതൽ അംശദായം അടച്ച അംഗങ്ങൾക്ക് വിവാഹം, വീട് നിർമ്മാണം, സ്വയം തൊഴിൽ ചെയ്യൽ എന്നീ ആവശ്യങ്ങൾക്കായി 3 വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കത്തക്ക വിധത്തിൽ പലിശരഹിത വായ്പയും അനുവദിക്കുന്നു.

സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിന്റെ പരിധിയിലുൾപ്പെട്ട, ഈ മേഖലയുമായി ബന്ധമുള്ളവരെ സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

Indhu

സെക്ഷൻ ഓഫീസർ